**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4937** **20-03-2025 - ൽ മറുപടിയ്ക്ക്**

**സ്കൂളുകളിൽ ലഹരിവിരുദ്ധ സന്ദേശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിലും പരിസരങ്ങളിലും ലഹരിവിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്നതിന് വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; ഇതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും പ്രത്യേകം കൗൺസിലിംഗിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് പരിഗണിക്കുമോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്തിലെ എല്ലാ വിദ്യാലയങ്ങളിലും ജൂൺ 26 ന് ലഹരി വിരുദ്ധ പാർലമെന്റ് ,ശിശു ദിനത്തിൽ പ്രത്യേക അസംബ്ലി, ഒക്ടോബർ 2 ന് സംവാദ സദസ്സ്, നവംബർ1ന് ബഹു. മുഖ്യമന്ത്രിയുടെ ലഹരി വിരുദ്ധ സന്ദേശം ,നവംബർ 14 ന് പ്രത്യേക ശിശുദിന അസംബ്ലി എന്നിവ ചേരുന്നു. മനുഷ്യാവകാശ ദിനമായ ഡിസംബർ 10ന് ലഹരി വിരുദ്ധ സെമിനാറുകൾ , ജനുവരി 30 ന ക്ലാസ് സഭ എന്നിവയും നടത്തുകയുണ്ടായി. ഇതിലുപരി കുട്ടികൾക്ക് മാതൃകയാകുന്ന വ്യക്തികളെ പങ്കെടുപ്പിച്ചുകൊണ്ട് ലഹരി വിരുദ്ധ സന്ദേശ പ്രചരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. 'No to Drugs campaign' എന്ന വിപുലമായ പരിപാടി സ്കൂളുകളിൽ സംഘടിപ്പിച്ച് ലഹരി വിരുദ്ധ സന്ദേശങ്ങൾ കുട്ടികൾക്ക് കൈമാറി വരുന്നു.ഇതുകൂടാതെ, വിദ്യാലയങ്ങളിലെ ലഹരിവിരുദ്ധ ക്യാംപെയിനിൽ, വിദ്യാർത്ഥികൾക്കിടയിൽ ലഹരി വസ്തുക്കളുടെ ദുരുപയോഗവും അവസാനിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വിവിധ പ്രവർത്തന പദ്ധതികൾ സർക്കാർ നടപ്പിലാക്കി വരുന്നു. സമൂഹത്തെ ലഹരിക്കെതിരെ ശാക്തീകരിക്കൽ, ആരോഗ്യകരമായ ജീവിതശൈലി പ്രോൽസാഹിപ്പിക്കുന്നതിനുള്ള പിന്തുണ സംവിധാനങ്ങൾ എന്നിവയാണ് ഇതിൽ പ്രധാനമായും ഉൾപ്പെടുത്തിയിട്ടുള്ളത്.<br><br>സ്കൂൾ തലത്തിൽ നടത്തേണ്ട ജാഗ്രതാ പ്രവർത്തനങ്ങൾ, ജനജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ എന്നിവ സംബന്ധിച്ച് വിശദമായ മാർഗ്ഗരേഖ എല്ലാ വിദ്യാലയങ്ങൾക്കും നൽകിയിരുന്നു. ലഹരിവിരുദ്ധ ബോധവൽക്കരണത്തോടൊപ്പം കുട്ടികളെ ഇതിൽ നിന്ന് പിൻതിരിപ്പിക്കുന്നതിന് അധ്യാപകരെ ശക്തരാക്കുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. ലഹരിക്കെതിരെ |

| | | | |
|---|---|---|---|
| | | | ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും, കുട്ടികളെ നിരീക്ഷിക്കുന്നതിനും വേണ്ടി എക്സൈസ് വകുപ്പുമായി ചേർന്ന് സ്കൂളിൽ പ്രഹരി ക്ലബ്/ ചിൽഡ്രൻസ് ക്ലബ്, ആന്റി നാർക്കോട്ടിക് ക്ലബ് രൂപീകരിക്കുകയും, ബോധവൽക്കരണ പരിപാടികൾ നടത്തി വരുകയും ചെയ്യുന്നു.<br><br>തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ജാഗ്രത ബ്രിഗേഡ് എന്ന രീതിയിൽ മുപ്പത് മുതൽ അമ്പത് വരെ കുട്ടികളുടെ ഗ്രൂപ്പ് രൂപപ്പെടുത്തുകയും അവരിലൂടെ വിദ്യാലയ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്യുന്നു. കലാ- കായിക, ദന്ത സംരക്ഷണം ഉൾപ്പെടെയുള്ള ആരോഗ്യ പരിപാടികൾ, വ്യക്തിത്വ വികസന പരിപാടികൾ എന്നിവ നടപ്പിലാക്കി വരുന്നു. |
| (ബി) | ലഹരിവിരുദ്ധ സന്ദേശം പ്രചരിപ്പിക്കുന്നതിന്റെ ഭാഗമായി ലഹരിവിരുദ്ധ ആശയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള സിനിമകളും നാടകങ്ങളും മറ്റ് കലാപരിപാടികളും സ്കൂളുകളിലും പരിസരങ്ങളിലും സംഘടിപ്പിക്കുമോ; വിശദമാക്കാമോ? | (ബി) | ലഹരിവിരുദ്ധ ആശയങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ള സിനിമകളും നാടകങ്ങളും മറ്റുകലാപരിപാടികളും സംഘടിപ്പിച്ചു വരുന്നു.കലാ-കായിക പ്രവർത്തനങ്ങളുടെ ഭാഗമായി പ്രചരണങ്ങൾക്ക് മുൻതൂക്കം നൽകിയാണ് ഇത്തരം പരിപാടികൾ സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ